LIBRARY ARCHIVES Kerala Legislative Assembly

പി.ആർ.ഡി. വഴി പ്രസിദ്ധീകരിച്ച പരസ്യങ്ങൾ

76 (1547) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പരസ്യങ്ങൾ പി.ആർ.ഡി. വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഇതിന് എത്ര രൂക ചെലവായി;

(ബി) ഇക്കാലയളവിൽ ഓരോ വകുപ്പിനുവേണ്ടിയും പരസ്യ ഇനത്തിൽ ചെലവാക്കിയ രൂകയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഓരോ മാധ്യമത്തിനും നൽകിയ പരസ്യങ്ങളുടെ എണ്ണവും നൽകിയ രൂകയെയും സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ വകുപ്പുകളുടേതായി ഏകദേശം ടെണ്ടർ വിഭാഗത്തിൽപ്പെട്ട 30910 പരസ്യങ്ങളും ഡിസ്പ്ലേ വിഭാഗത്തിൽപ്പെട്ട 3430 പരസ്യങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 48 പരസ്യങ്ങളും നൽകിയിട്ടുണ്ട്. ടി ഇനത്തിൽ ടെണ്ടർ വിഭാഗത്തിൽ 38,49,99,887 രൂപയും ഡിസ്പ്ലേ ഇനത്തിൽ 74,56,43,844 രൂപയും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 22,60,63,044 രൂപയും ചെലവാക്കിയിട്ടുണ്ട്.

കേരള ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ച രൂക

77 (1548) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പിന് ബഡ്ജറ്റിൽ കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ അനുവദിച്ച രൂക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) അതിൽ ട്രഷറിയിൽ നിന്നും ഇതുവരെ എത്ര രൂക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട് എന്ന് പറയാമോ ;

(സി) പരസ്യത്തിനായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച രൂക എത്രയെന്ന് വ്യക്തമാക്കുമോ ?